കുടുംബശ്രീ എറണാകുളം ജില്ല

സ്ത്രീപദവി സ്വയംപഠന വിഭാഗം

വൾണറബിലിറ്റി മാപ്പിംഗ് ഒന്നാം ഘട്ടം – അവസ്ഥാപഠനം

**കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് സി.ഡി.എസ്.**

ആദിവാസി ഗോത്രങ്ങൾക്കിടയിൽ നിലനിൽക്കുന്ന പല പ്രശ്നങ്ങളും വൾണറ ബിലിറ്റി മാപ്പിംഗ് വഴി കണ്ടെത്തുകയും പലതരത്തിലുള്ള ഇടപെടലുകൾ നടത്തുകയും ചെയ്തു.

1) ഗർഭ നിരോധന ഗുളിക (മാലാ ഡി ) യുടെ ഉപയോഗം വളരെയധികം കുറഞ്ഞു. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ ആരോഗ്യ സ്ഥിതി വളരെയധികം വ്യത്യാസപ്പെട്ടു.
2) പോലീസ് നിയമ നടപടികളെകുറിച്ച് ബോധവാന്മാർ ആയത് കൊണ്ട് ബാലവി വാഹത്തിന്റെ എണ്ണം കുറഞ്ഞു.
3) ഇടയ്ക്ക് വച്ച് പഠനം നിർത്തിയ കുട്ടികൾ നമ്മുടെ ശക്തമായ ഇടപെടൽ മൂലം സ്കൂളിൽ പോയിത്തുടങ്ങി. കൂടാതെ പി.എസ്.സി. കോച്ചിംഗ് നടത്തിയത് മൂലം കുട്ടികൾക്ക് നല്ല പ്രയോജനം ലഭിച്ചു. 35 എസ്.റ്റി. കുട്ടികൾ, 15 ജനറൽ കുട്ടികൾ പരിശീലനത്തിൽ പങ്കെടുത്തു.
4) കുട്ടമ്പുഴ ഹയർ സെക്കണ്ടറി സ്കൂളിലെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരു ക്കുന്നതിന് ജില്ലാ പഞ്ചായത്ത് 25 ലക്ഷം, കോതമംഗലം എം.എൽ.എ. 3 ലക്ഷം എന്നിങ്ങനെ ഫണ്ട് ലഭിച്ചു. ശുചിമുറി, കളിസ്ഥലം, പുതിയ കെട്ടിടം മുതലായവ ലഭ്യമായി.
5) കുറ്റിയാംചാൽ സ്കൂൾ പാചകപ്പുര, ഉപരണങ്ങൾ, കുടിവെള്ളം മുതലായവയ്ക്ക് ഫണ്ട് അനുവദിച്ചു. ശുചിമുറിയുടെ മേൽക്കൂര പുതുക്കി പണിയുന്നതിന് തീരുമാ നിച്ചു.
6) സത്രപ്പടി, തട്ടേക്കാട് സ്കൂളുകളിലെ പാചകപ്പുര, കുടിവെള്ളം, ഉപകരണങ്ങൾ മുതലായവ അനുവദിച്ചു.
7) പഠനം ഉപേക്ഷിച്ച കുട്ടികൾ മദ്യം, മയക്ക്മരുന്ന്, പാൻപരാഗ് മുതലായവയുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് രക്ഷിതാക്കൾക്കും കുട്ടികൾക്കും പൊതുവായി പരിശീലനം നൽകി. അതുവഴി പലപ്രശ്നങ്ങളിലും ക്രിയാത്മക മായി ഇടപെടുന്നതിന് സാധിച്ചു. സ്നേഹിതയുടെ സേവനം ഈ മേഖലയിലേക്ക് കൂടുതൽ വ്യാപിപ്പിച്ചു.
8) ആദിവാസി മേഖലയിലേക്കുള്ള യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗ മായി ഉറിയംപെട്ടി, കുഞ്ചിപ്പാറ, തലവച്ചപാറ തുടങ്ങിയ സ്ഥലങ്ങളിൽ റോഡ് കോൺക്രീറ്റ് ചെയ്തുവരുന്നു.
9) അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ പ്രശ്ന ങ്ങൾ തുറന്നു പറയാനും പ്രശ്ന പരിഹാരം ഉണ്ടാക്കുന്നതിനുമായി ജെൻഡർ

റിസോഴ്സ് സെന്റർ ആരംഭിച്ചു. ഒരു മുറിയും അടിസ്ഥാന സൗകര്യങ്ങളും അനുവദിച്ചു.

10) ആരോഗ്യമേഖലയിൽ കുട്ടമ്പുഴ പി.എച്ച്.സി. ഇപ്പോൾ കുടുംബാരോഗ്യ കേന്ദ്രമായി മാറി. 2 ഡോക്ടർമാരുടെ സേവനം ലഭിക്കുന്നു. രാവിലെ 8 മുതൽ വൈകിട്ട് 6 വരെ സേവന സമയം ദീർഘിപ്പിച്ചു.
11) ആദിവാസി മേഖലയിൽ ഉള്ളവർക്ക് പെൻഷൻ, റേഷൻ കാർഡ്, ആധാർ മുതലായവ ലഭിച്ചു.
12) അനധികൃത മദ്യ ഉത്പാദനവും വില്പനയും നിയന്ത്രിക്കാൻ സാധിച്ചു.
13) പരമ്പരാഗത തൊഴിലുകളായിരുന്ന പനമ്പ് നെയ്ത്ത് പോലുള്ളവ പരിപോഷിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ നടന്നു വരുന്നു.
14) പരമ്പരാഗത കലാരൂപങ്ങളായ വിൽപ്പാട്ട്, കുമ്മിയടി, കൂത്ത് തുടങ്ങിയവ പ്രോത്സാഹിപ്പിക്കപ്പെട്ടു തുടങ്ങി. ജെൻഡർ, പട്ടിക വർഗ്ഗ സുസ്ഥിര വികസന പദ്ധതി പ്രകാരം പ്രത്യേക ഗ്രൂപ്പുകൾ രൂപീകരിച്ചു.
15) തലവച്ചപാറയിലെ ബദൽ സ്കൂൾ കുടുംബശ്രീ ഏറ്റെടുത്ത് പുതുക്കിപണിതു.
16) കോളനികളിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി വിവിധ ഇടപെടലുകൾ നടന്നുവരുന്നു.

**വെങ്ങോല ഗ്രാമപഞ്ചായത്ത് സി.ഡി.എസ്.**

1) വിദ്യാഭ്യാസം – സ്കൂളുകളിൽ കുട്ടികൾക്ക് യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന് വാഹനം ലഭിച്ചു, അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം ലഭിച്ചു. കുട്ടികളിലെ മദ്യപാന, മയക്കുമരുന്ന് ഉപയോഗം നിയന്ത്രിക്കുവാൻ സാധിച്ചു.
2) ആരോഗ്യം – ആയുർവേദം, ഹോമിയോ, അലോപ്പതി സെന്ററുകളുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിച്ചു.
3) അടിസ്ഥാന സൗകര്യങ്ങൾ – വൈദ്യുതി, കുടിവെള്ളം, റോഡ് മുതലായവയുടെ വികസന പ്രവർത്തനങ്ങൾ നടന്നു. 100 ശതമാനം വീടുകൾ വൈദ്യുതീകരിച്ചു.
4) കാർഷിക മേഖലയിൽ കൃത്യമായ ഇടപെടലുകൾ നടത്തുവാൻ സാധിച്ചു. മൃഗപരിപാലനം നടത്തുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി.
5) അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ പ്രശ്നങ്ങൾ തുറന്നു പറയാനും പ്രശ്ന പരിഹാരം ഉണ്ടാക്കുന്നതിനുമായി ജെൻഡർ റിസോഴ്സ് സെന്റർ ആരംഭിച്ചു. ഒരു ലക്ഷം രൂപയും മുറിയും അടിസ്ഥാന സൗകര്യങ്ങളും അനുവദിച്ചു.
6) തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് സാധിച്ചു. കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിച്ചു തുടങ്ങി.
7) പ്ലൈവുഡ് കമ്പനികളും അന്യ സംസ്ഥാന തൊഴിലാളികളും ധാരാളമായുള്ള പഞ്ചായത്തായതിനാൽ മാലിന്യ പ്രശ്നങ്ങൾ മാപ്പിംഗ് സമയത്ത് ആരോപിച്ചി

രുന്നു. ഇപ്പോൾ നമ്മുടെ ബോധവക്തരണത്തിന്റെയും പഞ്ചായത്തുകളുടെ ഇടപെടലുകളുടെയും ഫലമായി മാറ്റങ്ങൾ കാണുന്നു.